(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി.യിൽ അധ്യാപക ജീവനക്കാരായി 9 പേരെ ഡെപ്യൂട്ടേഷനിലും ഒരാളെ കരാർ നിയമനത്തിലും അധ്യാപകേതര ജീവനക്കാരായി 52 പേരെ ഡെപ്യൂട്ടേഷനിലും 37 പേരെ കരാർ/ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഡെപ്യൂട്ടേഷനിൽ 10 ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ 75 പേരെയും നിയമിച്ചിട്ടുണ്ട്. (വ്യക്തികളുടെ പേര്, തസ്തിക, ശമ്പളം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.) *

(ബി) അല്ല.

(സി) പരിശോധിച്ചുവരുന്നു.

മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ

28 (2031) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ലേണിംഗ് സെന്ററുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) നിലവിലെ എം.ജി.എൽ.സി.കളെ ലോവർ പ്രൈമറി സ്കൂളുകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

ജില്ല	എം.ജി.എൽ.സികളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	30
കൊല്ലം	3
പത്തനംതിട്ട	12
ഇടുക്കി	88
എറണാകുളം	18
എറണാകുളം മെട്രോ	4

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
തൃശൂർ	3
പാലക്കാട്	33
മലപ്പുറം	47
കോഴിക്കോട്	16
വയനാട്	53
കണ്ണൂർ	19
കാസർഗോഡ്	58
ആകെ	384

(ബി) ഇല്ല. അപ്രാപ്യമായ വനമേഖല, ഗോത്രവർഗ സമൂഹത്തിൽ നിലനിൽക്കുന്ന ആചാരവിശ്വാസങ്ങൾ, കടലോര ജീവിതത്തിന്റെ പ്രശ്നങ്ങളും ജീവിതരീതികളും തുടങ്ങിയവ അതാതിടങ്ങളിലെ കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ പഠനം നടത്തുന്നതിന് തടസ്സങ്ങളാണ്. അവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഡി.പി.ഇ.പി., എസ്.എസ്.എ. പോലുള്ള പ്രോജക്ടുകളുടെ ഭാഗമായി രൂപം കൊണ്ട മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്ന ഏജൻസിയായി നിലനിൽക്കേണ്ടതാവശ്യമാണ് എന്ന് സർക്കാർ കരുതുന്നു.

(സി) കേരളത്തിൽ നിലനിൽക്കുന്ന എല്ലാ മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകളും സാധാരണ വിദ്യാലയങ്ങളാക്കി മാറ്റിയെടുക്കാവുന്ന സാഹചര്യത്തിലല്ല ആരംഭിച്ചതും നിലനിൽക്കുന്നതും. അതുകൊണ്ടുതന്നെ അവ സംരക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രങ്ങളെ സാധാരണ വിദ്യാലയങ്ങളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷംവരെ സാവകാശം നൽകുന്നുണ്ട്. ബദൽ സ്കൂളുകളിലെ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കുണ്ടഴിയൂർ സർക്കാർ എൽ.പി.സ്കൂൾ സ്ഥലം മത്സ്യ കർഷക ക്ലബിന് നൽകാൻ നടപടി

29 (2032) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട കുണ്ടഴിയൂർ സർക്കാർ എൽ.പി.സ്കൂൾ വർഷങ്ങളായി അടഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly